കേരളത്തിലെ എല്ലാ വിഭാഗം യുവജനങ്ങളുടേയും, സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി അവരുടെ ക്ഷേമവും, വികസനവും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള സർക്കാർ യുവജന നയം രൂപീകരിച്ചു. വിദ്യാഭ്യാസം, തൊഴിൽ, കൃഷി, സാമൂഹികം, മൃഗസംരക്ഷണം, ആരോഗ്യം, കായികം, കലാ-സാംസ്കാരികം എന്നീ മേഖലകളിലാണ് പരിപാടികൾ നടപ്പിലാക്കിവരുന്നത്. കേരളോത്സവം, ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ, ജോബ് ഫേസ്കുകൾ, രക്തദാന പദ്ധതിജീവദായിനി, പി.എസ്.സി./ഓൺലൈൻ രജിസ്ട്രേഷൻ കോഴ്സുകൾ, ഐ.ബി.പി.എസ്. കോച്ചിംഗ്, കാർഷിക വികസന പദ്ധതികൾ, സാഹസിക പരിശീലന പരിപാടികൾ, സംരംഭകത്വ വികസന പരിശീലന പദ്ധതി, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, മാധ്യമശില്പശാലകൾ, വനിതാ ശില്പശാലകൾ, ചലച്ചിത്ര ശില്പശാലകൾ, ചിത്രരചനാ ക്യാമ്പുകൾ, നാടക ശില്പശാലകൾ, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വ്യവസായ സംരംഭകത്വ വികസന പരിപാടി

214(2268) ശ്രീ. വി. ടി. ബൽറാം :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി വ്യവസായ സംരംഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

GPM. 2/243/2020-41

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന പരിശീലനാർത്ഥികൾക്ക് സംരംഭകാവസരം കണ്ടെത്തുന്നതുമുതൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ സഹായം നൽകുന്നതിലേയ്ക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ്, മെന്റിംഗ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ വിഷയങ്ങൾ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭകത്വ വികസന പരിശീലനത്തിൽ ലോക ശ്രദ്ധയാകാർഷിച്ച എന്റർപ്രണർഷിപ്പ് ഡെവലെപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് സംരംഭകത്വ വികസന പരിശീലന പദ്ധതി സംഘടിപ്പിച്ചുവരുന്നത്.

യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ_

215(2269) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനകാര്യ വകുപ്പ് 2014-15, 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളുടെ വിശദ വിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് മാറ്റിവച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഇ) യുവജന കമ്മീഷനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയും യുവജനക്ഷേമ ബോർഡിനെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly